**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1124** **14-03-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കോട് സർവ്വജന സ്കൂൾ കെട്ടിട നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന സ്കൂളിന്റെ കെട്ടിട നവീകരണത്തിനായി 2021-22 വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | തരൂർ മണ്ഡലത്തിലെ സർവ്വജന ഹയർ സെക്കന്ററി സ്കൂൾ എയ്ഡഡ് സ്കൂൾ ആണ്. പ്രസ്തുത സ്കൂൾ ഗവൺമെന്റ് ഏറ്റെടുക്കാൻ ഉള്ള നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കെ ഒരു സ്വകാര്യ വ്യക്തി ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ് എന്നുമാണ് സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ കഴിഞ്ഞത്. ഇതു സംബന്ധിച്ച് തീരുമാനം വന്ന് സർക്കാർ പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കേണ്ട ചുമതല എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിനാണ്. |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിടം ഏതു സമയത്തും തകർന്നു വീഴുമെന്ന സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2022 ജൂൺ മാസത്തിനുള്ളിൽ ടി നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) | തരൂർ മണ്ഡലത്തിലെ സർവ്വജന ഹയർ സെക്കന്ററി സ്കൂൾ എയ്ഡഡ് സ്കൂൾ ആണ്. പ്രസ്തുത സ്കൂൾ ഗവൺമെന്റ് ഏറ്റെടുക്കാൻ ഉള്ള നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കെ ഒരു സ്വകാര്യ വ്യക്തി ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ് എന്നുമാണ് സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ കഴിഞ്ഞത്. ഇതു സംബന്ധിച്ച് തീരുമാനം വന്ന് സർക്കാർ പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കേണ്ട ചുമതല എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിനാണ്. |

സെക്ഷൻ ഓഫീസർ